(ബി) 20% കമ്മ്യൂണിറ്റികോട്ട സർക്കാർ ഉത്തരവ് പ്രകാരം മാനേജ്മെന്റ് കോട്ടയാക്കി വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) മതന്യൂനപക്ഷസ്ഥാപനങ്ങളിൽ കമ്മ്യൂണിറ്റികോട്ട അർഹതയുടെ അടിസ്ഥാനത്തിൽ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) 27-2-1991-ലെ ജി.ഒ. (എം.എസ്.) 29/1991/പൊ.വി.വ. ഉത്തരവ് പ്രകാരം മതന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിന് 20% മാനേജ്മെന്റ് കോട്ടയും, 20% കമ്മ്യൂണിറ്റി കോട്ടയും നിജപ്പെടുത്തിയിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻബഞ്ച് ഒ.പി. നമ്പർ 18658/2000-ൽ 6-2-2003-ൽ പുറപ്പെടുവിച്ച വിധിയുടെയും ഒ.പി. നമ്പർ 23665/2000-ൽ 7-4-2003-ൽ പുറപ്പെടുവിച്ച ഇടക്കാല വിധിയുടെയും വെളിച്ചത്തിൽ 9-6-2003-ലെ ജി.ഒ. (എം.എസ്.) 156/03/പൊ.വി.വ. ഉത്തരവ് പ്രകാരം 20% കമ്മ്യൂണിറ്റി കോട്ട മാനേജ്മെന്റ് കോട്ടയാക്കി മാറ്റിയിരുന്നു. 9-6-2003-ലെ സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി കൊടുക്കുന്നു. †

(സി) 4-7-2005-ലെ ജി. ഒ. (എം.എസ്.) 210/05/പൊ.വി.വ. ഉത്തരവ് പ്രകാരം മതന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 40% മാനേജ്മെന്റ് കോട്ടയിൽ ബന്ധപ്പെട്ട മതന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് 20% കോട്ടയും 20% മാനേജ്മെന്റ് കോട്ടയുമായി നിജപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. വി. കെ. ഫിലിപ്പിന്റെ പെൻഷൻ ആനുകൂല്യങ്ങൾ

114 [697] *ശ്രീ. കെ. എ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവീസിൽനിന്നും 30-5-2004-ൽ വിരമിച്ച സംസ്കൃത കോളേജ് ലൈബ്രേറിയൻ ശ്രീ. വി. കെ. ഫിലിപ്പിന്റെ എസ്.എൽ.ഐ, എഫ്.ബി.എസ്., ഗ്രൂപ്പ് ഇൻഷ്വറൻസ് എന്നീ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നു വെളിപ്പെടുത്തുമോ;

(ബി) ശ്രീ. വി. കെ. ഫിലിപ്പ് 1978-1982 കാലത്ത് കോട്ടയം ഗവൺമെന്റ് പോളിടെക്നിക്കിലെ ലൈബ്രേറിയനായിരുന്ന കാലത്തെ എസ്.എൽ.ഐ., എഫ്.ബി.എസ്., ഗ്രൂപ്പ് ഇൻഷ്വറൻസ് എന്നിവയിലേക്കുള്ള തുക പിടിച്ചത് സംബന്ധിച്ച വിവരങ്ങൾ അവിടെ ലഭ്യമാണോ; ഇല്ലെങ്കിൽ അതിന്റെ കാരണം വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

---

† അനുബന്ധം IX.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആ കാലത്തെ ശമ്പളബില്ല് സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തിയതാരാണ്;

(ഡി) ടിയാന് എങ്ങനെയാണ് അവിടെ നിയമനം ലഭിച്ചത്;

(ഇ) അവിടത്തേക്ക് ട്രാൻസ്ഫർ ചെയ്യുകയായിരുന്നെങ്കിൽ അദ്ദേഹത്തിനു നൽകിയ എൽ.പി.സി.-യിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈയിനങ്ങളിലേക്ക് നടത്തിയ പിടിത്തത്തിന്റെ വിവരം കണക്കാക്കാൻ കഴിയുമോ എന്ന കാര്യം വ്യക്തമാക്കാമോ;

(എഫ്) ഈ തുകകൾ കിട്ടാത്തത് സംബന്ധിച്ച് 15-3-2005-ന് ബഹു. മന്ത്രിക്ക് നൽകിയ നിവേദനത്തിൻമേൽ എന്തു നടപടിയെടുത്തു;

(ജി) ശ്രീ. വി. കെ. ഫിലിപ്പിന് ലഭിക്കാനുള്ള ആനുകൂല്യങ്ങൾ അടിയന്തിര മായി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) & (സി) കോട്ടയം ഗവൺമെന്റ് പോളിടെക്നിക്കിലെ 1978-82 കാലയള വിലെ എസ്.എൽ.എ., എഫ്.ബി.എസ്., ഗ്രൂപ്പ് ഇൻഷ്വറൻസ്, ശമ്പളബില്ല് മുതലാ യവയുടെ രജിസ്റ്ററുകൾ ചിതലരിച്ചു നശിച്ചുപോയതിനാൽ 9/83 മുതലുള്ള വിവര ങ്ങൾ മാത്രമേ ഇപ്പോൾ ലഭ്യമായിട്ടുള്ളൂ.

(ഡി) ട്രാൻസ്ഫർ മുഖേനയാണ് ശ്രീ. വി. കെ. ഫിലിപ്പിന് കോട്ടയം ഗവൺമെന്റ് പോളിടെക്നിക്കിൽ നിയമനം ലഭിച്ചത്.

(ഇ) എൽ.പി.സി. ട്രഷറിയിൽ സമർപ്പിച്ചിരുന്നു. പകർപ്പ് കണ്ടെടുത്ത് അതിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈയിനങ്ങളിലേക്ക് നടത്തിയ പിടിത്തത്തിന്റെ വിവരങ്ങൾ കണക്കാക്കാൻ സാധിക്കുമോയെന്ന കാര്യം പരിശോധിച്ചുവരുന്നു.

(എഫ്) & (ജി) ഇക്കാര്യത്തിൽ സത്വര നടപടി സ്വീകരിക്കുന്നതാണ്.

തുടർ വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന പ്രേരക്മാർക്ക് ഓണറേറിയം

115 [698] *ശ്രീ. കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർ വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന പ്രേരക്മാർക്ക് 2004 ഡിസംബറിനുശേഷം ഓണറേറിയം നൽകിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly